പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1708** **11.02.2013 ൽ മറുപടിയ്ക്ക്**

**കർഷക കടാശ്വാസ കമ്മീഷൻ എഴുതിത്തള്ളിയ കടങ്ങളുടെ തുക**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം കർഷകകടാശ്വാസ കമ്മീഷൻ എത്ര തുകയാണ് എഴുതിത്തള്ളിയത്; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കർഷക കടാശ്വാസ കമ്മീഷൻ 36.98 കോടി രൂപയുടെ കടാശ്വാസത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. 37.15 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (ബി) കടാശ്വാസ കമ്മീഷൻ സാമ്പത്തികപരിമിതി കാരണം എഴുതിത്തള്ളിയ കടങ്ങൾക്കുപോലും തുക നൽകാൻ കഴിയാത്ത അവസ്ഥ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;<br><br>(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) & (സി) | ഉണ്ട്. കടാശ്വാസം അനുവദിക്കുന്നതിനായി നടപ്പ് സാമ്പത്തികവർഷത്തെ ബജറ്റിൽ നീക്കിവച്ചിരുന്ന 10 കോടി രൂപയ്ക്ക് പുറമേ 5 കോടി രൂപ കൂടി ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ ശുപാർശ ചെയ്ത കടാശ്വാസതുകയിൽ ബാക്കിനിൽക്കുന്ന തുക ഈ സാമ്പത്തികവർഷം അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**